All sections

LOCAL SELF GOVERNMENT DEPT
03 SEP 2019
THIRUVANANTHAPURAM-1

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഴക്കെടുതി - സംസ്ഥാനത്ത് കാലവർഷക്കെടുതി മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ - തദ്ദേശസ്വയംഭരണ വകുപ്പ് കേന്ദ്രീകരിച്ച് കൺട്രോൾ റൂം - പ്രവർത്തനം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ)നം.**1843/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം, **26/08/2019.**

---

പരാമർശം :- സ.ഉ. (സാധാ) നം. 1734/2019/ത.സ്വ.ഭ.വ. തീയതി 09.08.2019.

**ഉത്തരവ്**

സംസ്ഥാനത്ത് കനത്ത മഴയെ തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിലുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഗവൺമെന്റ് സെക്രട്ടറിയറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പ് കേന്ദ്രീകരിച്ച് പരാമർശം (1) പ്രകാരം കൺട്രോൾ റൂം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രളയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ച ഫ്ളെഡ് കൺട്രോൾ റൂം പ്രളയശേഷവും അതുമായി ബന്ധപ്പെട്ട എല്ലാ തുടർ പ്രവർത്തനങ്ങളിലും പ്രത്യേകിച്ചും പ്രളയത്തിൽ അകപ്പെട്ട ജനങ്ങളെ മാറ്റിപാർപ്പിക്കുക, പ്രളയത്തിൽ വൃത്തിഹീനമായ കിണറുകളുടെ ശുചീകരണം, നാശനഷ്ടം സംഭവിച്ച വസ്തുവകകൾ, തിട്ടപ്പെടുത്തൽ, മാലിന്യ സംസ്കരണം മുതലായ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുകയും അവയുടെ ദിനംപ്രതിയുള്ള റിപ്പോർട്ടുകൾ ശേഖരിക്കുകയും അതാത് അവലോകനങ്ങളിൽ സമയബന്ധിതമായി സമർപ്പിക്കുകയും ചെയ്യുകയുണ്ടായി.

ഫ്ളെഡ് കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും ബന്ധപ്പെട്ടിരുന്നത് നഗരകാര്യ വകുപ്പ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മീഷണർ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഐ.കെ.എം, ചീഫ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.), കുടുംബശ്രീ, എന്നിവയുമാണ്. പ്രളയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിൽ നിയന്ത്രണ വിധേയമായിട്ടുള്ള സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തുടർനടപടികൾ അതാത് വകുപ്പുകൾക്ക് കൈമാറി ഗവൺമെന്റ് സെക്രട്ടറിയറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കൺട്രോൾ റൂമിന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. എങ്കിലും വകുപ്പദ്ധ്യക്ഷൻമാർ ശേഖരിക്കുന്ന പ്രളയത്തിനുശേഷമുള്ള ശുചീകരണ

പ്രവർത്തനങ്ങളുടെയും നാശനഷ്ടക്കണക്കുകളുടെ തിട്ടപ്പെടുത്തലിന്റെയും വിവരങ്ങൾ ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പിലേയ്ക്ക് ഇ-മെയിൽ വഴി (dslsgdepb@gmail.com) തുടർന്നു നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ.ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
പഞ്ചയാത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ (പഞ്ചയാത്ത് ഡയറക്ടർ മുഖേന)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി.
റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

[signature]

സെക്ഷൻ ഓഫീസർ

പകർപ്പ് -തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും (AA)